(സി) പ്രൈമറി വിഭാഗത്തിന് 2,38,75,447 രൂപയും, സെക്കന്ററി വിഭാഗത്തിന് 2,69,86,427 രൂപയും കൂടിശ്ശികയുണ്ട്.

(ഡി&ഇ) തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

51 (493) കോട്ടയ്ക്കാവയൽ എ.കെ.എം.എൽ.പി.എസ്.

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കാവയൽ എ.കെ.എം.എൽ.പി.എസ്. ഗവൺമെന്റ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് നൽകാൻ ഉദ്ദേശിക്കുന്ന തുക തിട്ടപ്പെടുത്തിയോ;

(സി) ഏറ്റെടുക്കൽ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ഡി) ഏറ്റെടുക്കൽ എന്നത്തേയ്ക്ക് പൂർത്തിയാക്കി തുക നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഏറ്റെടുക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെന്റ് നൽകാൻ ഉദ്ദേശിക്കുന്ന തുക 157680 രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(സി) സ്കൂൾ ഏറ്റെടുക്കുന്നതിനായി മുദ്രപത്രത്തിൽ മാനേജരുടെ സമ്മതപത്രം ലഭ്യമാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) സ്കൂൾ പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാക്കാൻ സ്കൂൾ മാനേജർക്ക് കഴിഞ്ഞതിനാലാണ് സ്കൂൾ സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചത്.

52 (494) നോൺ ടീച്ചിംഗ് സ്റ്റാഫിന് പ്രൊട്ടക്ഷൻ

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധ്യാപകർക്ക് നൽകിയിട്ടുള്ള പ്രൊട്ടക്ഷൻ ആനുകൂല്യം നോൺ ടീച്ചിംഗ് സ്റ്റാഫിന് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി) പ്രൊട്ടക്ഷൻ ആനുകൂല്യം ലഭിക്കാത്തതുമൂലം നോൺ ടീച്ചിംഗ് സ്റ്റാഫിനുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly